**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **6739** — 01.11.2011-ൽ മറുപടിയ്ക്ക്

## <u>ശബരിമല സീസൺ ഒരുക്കങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ ജി. സുധാകരൻ<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ.<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) ശബരിമല സീസൺ ആരംഭിക്കുന്നതിന് മുന്നോടിയായി എന്തെല്ലാം ഒരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഉത്സവത്തോടനുബന്ധിച്ച് വാർഷിക അറ്റകുറ്റപ്പണികൾക്കു പുറമെ താഴെപറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.<br><br>1) ദർശനം കഴിഞ്ഞ് മടങ്ങിവരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ ബെയ്‌ലി ബ്രിഡ്ജും, അപ്രോച്ച് റോഡും.<br>2) മരക്കൂട്ടം ഭാഗത്ത് മൂന്ന് യൂണിറ്റുള്ള 'ക്യൂ' കോംപ്ലക്സ്.<br>3) മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി രണ്ട് യൂണിറ്റുള്ള 'ക്യൂ' കോംപ്ലക്സ്.<br>4) പമ്പയിൽ ലാട്രിൻ ബ്ലോക്കിനു പുറകു വശത്തു കൂടിയുള്ള സർവ്വീസ് റോഡ്.<br>5) പമ്പാ-മരക്കൂട്ടം പാതയിൽ നിലവിലുള്ള പന്തലുകൾക്കു പുറമേ പുതിയതായി നാലു പന്തലുകൾ.<br>6) നിലയ്ക്കലിൽ ഒരു മെസ്സ്-കം-അക്കോമഡേഷൻ ബ്ലോക്ക്<br>7) നിലയ്ക്കലിൽ നിലവിലുള്ള രണ്ട് അക്കോമഡേഷൻ ബ്ലോക്കിനു മുകളിൽ പുതിയതായി ഒരു നിലയുടെ നിർമ്മാണം<br>8) നിലയ്ക്കലിൽ വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ.<br>9) തീർത്ഥാടകർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കാൻ വേണ്ടി അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ആശുപത്രികൾ സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>മറ്റെല്ലാ വകുപ്പുകളും പതിവ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ; | (ബി) | പമ്പാ ആക്ഷൻ പ്ലാൻ പ്രകാരമുള്ള ചില പദ്ധതികൾ നടപ്പിലാക്കുവാൻ ഭാരത സർക്കാർ 18.45 കോടി രൂപാ 7/2003 -ൽ അനുവദിച്ചിരുന്നു. ഇതിൽ 16.16 കോടി രൂപയുടെ പദ്ധതികളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്നത്. പദ്ധതികൾ 70:30 ഓഹരി അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. 70% ഭാരത സർക്കാർ വഹിക്കും. ദേവസ്വം ബോർഡ് ശബരിമലയിൽ 320 ലാട്രിനുകൾ, 80 കുളിമുറികൾ, 400 കിലോഗ്രാം/മണിക്കൂർ ശേഷിയുള്ള ഇൻസിനറേറ്റർ, ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ, ചവർ വേർതിരിക്കുന്നതിനുള്ള ഷെഡുകൾ മുതലയാവയും പമ്പയിൽ 400 കിലോഗ്രാം/മണിക്കൂർ ശേഷിയുള്ള ഇൻസിനറേറ്റർ, ഖരമാലിന്യം വേർതിരിക്കുന്നതിനുള്ള ഷെഡുകൾ, 160 ലാട്രിനുകൾ, ഡെസ്റ്റ് ബിന്നുകൾ മുതലായവയും, നിലയ്ക്കലിൽ 400 കിലോഗ്രാം/മണിക്കൂർ ശേഷിയുള്ള ഇൻസിനറേറ്റർ, ഡെസ്റ്റ് ബിന്നുകൾ മുതലായവയും നിർമ്മിച്ചു. ഈ ഇനത്തിൽ ദേവസ്വം ബോർഡ് 4.829 കോടി രൂപാ 3/10 വരെ ചിലവഴിച്ചു. 156.79 ലക്ഷം രൂപാ നോഡൽ ഏജൻസിയായ കേരളാ വാട്ടർ അറോറിറ്റി മുഖാന്തിരം തിരികെ ലഭിച്ചു. കൂടാതെ ശബരിമലയിൽ 5 എം.എൽ.ഡി ശേഷിയുള്ളതും പമ്പയിൽ 1.5 എം.എൽ.ഡി. ശേഷിയുള്ളതുമായ രണ്ട് സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് 29.1244 കോടി രൂപയുടെ ഭരണാനുമതി കേരള സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റിയെയാണ് പദ്ധതി നടത്തിപ്പിനായി സർക്കാർ ചുമതലപ്പെടുത്തി യിരിക്കുന്നത്.<br><br>ശബരിമലയിൽ മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി നിർമ്മാണം നടക്കുന്ന ക്യൂ കോംപ്ലക്സിന് 110 ലക്ഷം രൂപയാണ് അടങ്കൽ തുക. മരക്കൂട്ടം ഭാഗത്ത് ശബരിമല ഉന്നതാധികാര സമിതിയുടെ മേൽ നോട്ടത്തിൽ നിർമ്മാണം നടക്കുന്ന ക്യൂ കോംപ്ലക്സിന് 105 ലക്ഷം രൂപയാണ് അടങ്കൽ തുക. മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ ബെയ്ലി ബ്രിഡ്ജും, അപ്രോച്ച് റോഡും നിർമ്മിച്ചു. ശബരിമലയിൽ ജോതി നഗർ ഭാഗത്താണ് പുതിയ മാലിന്യ പ്ലാൻറ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>നിലയ്ക്കലിൽ ദേവസ്വം ബോർഡിന് ലഭ്യമായ 110.524 ഹെക്ടർ വനഭൂമിയിൽ നാളിതുവരെ 400 ലാട്രിനുകൾ, നടപ്പന്തൽ, എക്സിറ്റ്, എൻട്രി റോഡുകളുടെ നിർമ്മാണം, |

പാർക്കിംഗ് ഗ്രൗണ്ടുകൾ, വാട്ടർ ടാങ്കുകൾ, കുളങ്ങളുടെ നവീകരണം, പോലീസ് സ്റ്റേഷൻ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിനായി അക്കോമഡേഷൻ ബ്ലോക്കുകൾ, കുടിവെള്ള വിതരണ സംവിധാനം 400 കിലോഗ്രാം/ മണിക്കൂർ ശേഷിയുള്ള ഇൻസിനറേറ്റർ, ചപ്പുചവറുകൾ വേർതിരിക്കുന്നതിനുള്ള ഷെഡ്ഡുകൾ മുതലായവ പൂർത്തീകരിച്ചിട്ടുണ്ട്. പോലീസിനുവേണ്ടി താമസ സൗകര്യവും മെസ്സ് സൗകര്യവും ഉള്ള ഒരു ബഹുനില കെട്ടിടത്തിൻെറ നിർമ്മാണം നടന്നുവരുന്നു.

| | | | |
|---|---|---|---|
| (സി) | ശബരിമലയിലെ ഗതാഗത പാരിസ്ഥിതിക സുരക്ഷാ കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്? | (സി) | വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി ഇതു സംബന്ധിച്ചുള്ള നടപടികൾ നടന്നുവരുന്നു. സുരക്ഷയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള സുരക്ഷാ മാന്വലിലെ നിർദ്ദേശങ്ങൾ ഈ സീസണിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പാരിസ്ഥിതിക സംരക്ഷണിത്തിനും ശുചീകരിണത്തിനും വേണ്ടി "സീറോ വേസ്റ്റ് ശബരിമല" പദ്ധതി ആരംഭിക്കുന്നതാണ്. ഇതിനായി ഈ വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻെറ ആരംഭമെന്ന നിലയിൽ ശബരിമല പ്രദേശം മൊത്തം ശുചീകരിക്കുന്നതിനുള്ള നടപടി നവംബർ 7-ന് ആരംഭിക്കും. വിവിധ സന്നദ്ധ സംഘടനകൾ കൂടി ഈ സംരഭത്തിൽ പങ്കുചേരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ